"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - കോഴിക്കോട് ജില്ലയിലെ പട്ടയമേളയ്ക്ക് ചെലവായ തുക ബന്ധപ്പെട്ട ബജറ്റ് ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.2723/2024/RD     തീയതി,തിരുവനന്തപുരം, 14-11-2024

---

പരാമർശം:- ലാൻഡ് ബോർഡ് സെക്രട്ടറിയുടെ 05.09.2023 തീയതിയിലെ എൽ.ബി.എഫ്1-632/23 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോഴിക്കോട് ടൗൺ ഹാളിൽ വച്ച് 22.12.2019 തീയതിയിൽ നടന്ന പട്ടയമേളയോടനുബന്ധിച്ച് വിവിധ ആവശ്യങ്ങൾക്കായി ചെലവായ 11,851/- രൂപ ആ കാലയളവിലെ ഹെഡ് മിനിസ്റ്റീരിയൽ ഓഫീസറായ ശ്രീ.ബാലകൃഷ്ണൻ പി.സി. ആണ് ചെലവാക്കിയിരുന്നതെന്നും ടി തുക മാറി നൽകുന്നതിലേക്കായി പ്രസ്തുത തുക 3475-00-201-05 OE 4-01 എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകണമെന്ന് ലാൻഡ് ബോർഡ് സെക്രട്ടറി പരാമർശത്തിലെ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തുകകളുടെ കൃത്യത, സമർപ്പിച്ച ബില്ലുകളുടെ ആധികാരികത എന്നിവ ലാൻഡ് ബോർഡ് സെക്രട്ടറി ഉറപ്പുവരുത്തണം എന്ന നിബന്ധനയ്ക്ക് വിധേയമായി, 22.12.2019-ന് കോഴിക്കോട് ടൗൺ ഹാളിൽ വച്ച് നടന്ന പട്ടയമേളയോടനുബന്ധിച്ച് വിവിധ ആവശ്യങ്ങൾക്കായി ചെലവായ 11,851/- രൂപ (പതിനൊന്നായിരത്തി എണ്ണൂറ്റി അൻപത്തി ഒന്ന് രൂപ മാത്രം) 3475-00-201-99-05 OE 4-Other items എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനുള്ള ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാഹുൽ എ രാജ് കെ എ എസ്
അണ്ടർ സെക്രട്ടറി

സെക്രട്ടറി, ലാൻഡ് ബോർഡ്, തിരുവനന്തപുരം
ജില്ലാ കളക്ടർ, കോഴിക്കോട്
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (08.11.2024-ലെ വ്യയം-ഡി1/238/2024/ധന പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Pushpavally B
സെക്ഷൻ ഓഫീസർ
Date: 14-11-2024 16:43:59